28
ജൂൺ 2023
വ്യാഴം
Pages- 5
Vol. 2 Issue 146

# ക്രിസ്ത്യൻലൈവ് ദിനപത്രം

On the Battlefield for the Great Commission

515

# നിർമ്മാണത്തിലിരിക്കുന്ന ക്രിസ്ത്യൻ പള്ളിയുടെ മതിൽ തകർത്തു




പേജ് 03 കാണുക

സി.സി.ടി.വി. ക്യാമറകളും പള്ളിയിലുണ്ടായിരുന്ന പ്രതിമകളും തകർത്തെന്നും നിയമം കയ്യിലെടുക്കരുതെന്ന് ആവശ്യപ്പെട്ടപ്പോൾ സർക്കാർ ഉദ്യോഗസ്ഥരോടും അവർ മോശമായി പെരുമാറിയെന്നും റിപ്പോർട്ടിലുണ്ട്

എഡിറ്റോറിയൽ

## ക്രിസ്ത്യൻ ലൈവ്

**2023 ജൂൺ 28 ബുധൻ**



# ജസ്റ്റിസ് ജെ. ബി. കോശി കമ്മീഷനും ക്രൈസ്തവരും

**കേ**രളത്തിലെ ക്രൈസ്തവരുടെ ഇടയിലെ പിന്നോക്കാവസ്ഥ പഠിക്കാൻ നിയോഗിക്കപ്പെട്ട ജസ്റ്റിസ് ജെ. ബി കോശി കമ്മീഷൻ, സർക്കാരിന് സമർപ്പിച്ച റിപ്പോർട്ടിന്റെ തുടർ നടപടികളെപ്പറ്റി അറിയാൻ വർദ്ധിച്ച പ്രതീക്ഷയോടെ കാത്തിരിക്കുകയാണല്ലോ കേരളാ ക്രൈസ്തവർ.

കമ്മീഷൻ, ലഭിച്ച 4.87 ലക്ഷം പരാതികൾ പരിശോധിച്ച് രണ്ട് വാല്യങ്ങളിലായി 500 ശുപാർശകളാണ് സമർപ്പിച്ചിരിക്കുന്നത്. ക്രിസ്ത്യൻ മതം സ്വീകരിച്ച പട്ടികജാതിക്കാരും തീരദേശ വാസികളുമാണ് ക്രിസ്ത്യാനികളിൽ ഏറ്റവും പിന്നാക്കം നിൽക്കുന്നതെന്നാണ് കമ്മിഷന്റെ വിലയിരുത്തൽ. സമൂഹത്തിലെ താഴെത്തട്ടിലുള്ളവരുടെ ഉന്നമനത്തിനായി, മാറി മാറി വരുന്ന സർക്കാരുകൾ കമ്മീഷനുകളെ നിയമിക്കുന്നതും, പഠനാനന്തരം റിപ്പോർട്ടുകൾ സമർപ്പിക്കുന്നതും പുത്തരിയല്ല. അത് അത്യാവശ്യവുമാണ്. എന്നാൽ റിപ്പോർട്ടുകളിന്മേൽ എന്ത് നടപടികളാണ് കൈക്കൊള്ളുന്നത് എന്നതിന്റെ അടിസ്ഥാനത്തിൽ മാത്രമേ കമ്മീഷനുകളുടെ പ്രസക്തി വിലയിരുത്താൻ സാധിക്കൂ.

ഇവിടെ എടുത്ത് പറയേണ്ടത് ദളിത് ക്രൈസ്തവരുടേയും, തീരദേശ വാസികളായിട്ടുള്ള ക്രൈസ്തവരുടെയും കാര്യമാണ്. അവർ പതിറ്റാണ്ടുകളായി പട്ടിണിയിലും, പരിവട്ടത്തിലുമാണ്. ഇത്തരക്കാരിൽ ഏതാണ്ട് എഴുപത് ശതമാനത്തോളം പേർക്കും കയറിക്കിടക്കാൻ സ്വന്തമായി കിടപ്പാടം ഇല്ല എന്നാണ് കമ്മീഷന്റെ കണ്ടെത്തൽ. ഇത്തരം സാഹചര്യത്തിൽ സർക്കാരുകൾക്കണോ ഇവരെ സഹായിക്കാൻ കഴിയുക? അങ്ങനെയാണെങ്കിൽ സർക്കാരിന്റെ പങ്ക് എത്രത്തോളമാണ്? ക്രൈസ്തവരുടെ ഇടയിലെ സമ്പന്നർക്ക് ഇവിടെ എന്തെങ്കിലും ചെയ്യാൻ സാധിക്കില്ലേ? ഇത് അവരുടെയും കൂടെയുള്ള ഉത്തരവാദിത്വം അല്ലേ? നാം സഗൗരവം ചിന്തിക്കേണ്ട വിഷയമാണിത്.

ക്രിസ്തു മാർഗ്ഗം പങ്കുവയ്ക്കലിന്റേതാണ്. അത് ദൈവം തന്റെ സ്വന്തം പുത്രനെ മാനവകുലത്തിന് പങ്ക് വച്ചതിലൂടെ ഉദാത്തമാക്കപ്പെട്ടതാണ്. ബൈബിൾ പറയുന്നതും അത് തന്നെയാണ്. രണ്ടുള്ളവൻ ഒന്നില്ലാത്തവന് കൊടുക്കട്ടെ. ആദിമ ക്രൈസ്തവർ അവരുടെ വസ്തു വകകൾ
പൊതുവക എന്നു എണ്ണുകയും ജന്മഭൂമികളും വസ്തുക്കളും വിറ്റു അവനവന്നു ആവശ്യം ഉള്ളതുപോലെ എല്ലാവർക്കും പങ്കിടുകയും ചെയ്തു എന്ന് നാം വായിക്കുന്നു (അപ്പോസ്തല പ്രവർത്തികൾ 2: 44, 45). മറ്റൊരു ഭാഗത്ത് പറയുന്നത്, 'മുട്ടുള്ളവർ ആരും അവരിൽ ഉണ്ടായിരുന്നില്ല; നിലങ്ങളുടെയോ വീടുകളുടെയോ ഉടമസ്ഥന്മാരായവർ ഒക്കെയും അവയെ വിറ്റു വില കൊണ്ടു വന്നു അപ്പൊസ്തലന്മാരുടെ കാൽക്കൽ വെക്കും; പിന്നെ ഓരോരുത്തന്നു അവനവന്റെ ആവശ്യംപോലെ വിഭാഗിച്ചുകൊടുക്കും (അപ്പോസ്തല പ്രവർത്തികൾ4:34,35). ചില സഭകളിൽ ബുദ്ധിമുട്ടുണ്ടായപ്പോൾ അവർക്കുവേണ്ടി അപ്പോസ്തലന്മാർ ധന ശേഖരണം നടത്തിയതും നാം വേദപുസ്തകത്തിൽ നാം വായിക്കുന്നുണ്ട്
(1 കൊരിന്ത്യർ 16: 14) യേശുവിനെ പിൻചെന്നവർക്ക് വിശന്നപ്പോൾ യേശു തന്റെ ശിഷ്യമാരോടാണ് പറഞ്ഞത് 'നിങ്ങൾ ഇവർക്ക് ഭക്ഷിപ്പാൻ കൊടുപ്പീൻ' (മാർക്കോസ് 6: 37). ആവശ്യത്തിൽ ആയിരിക്കുന്നവരെ സഹായിക്കാൻ ആദിമ സഭ തയ്യാറായത് മറ്റിടങ്ങളിലും നാം കാണുന്നുണ്ട് (റോമർ 12:13; 15:2526).

കമ്മീഷനുകൾ ഉണ്ടാകട്ടെ തത്ഫലമായി സർക്കാരുകൾ പിന്നോക്കം നിൽക്കുന്ന എല്ലാവരേയും ഉദ്ധരിക്കട്ടെ. എന്നാൽ അതിന് കാത്തുനിൽക്കാതെ സാമ്പത്തീകമായി മുന്നോക്കം നിൽക്കുന്ന ക്രൈസ്തവർ പിന്നോക്കം നിൽക്കുന്നവരെ സഹായിക്കാൻ മുന്നിട്ടിറങ്ങട്ടെ. അതാണ് ദൈവം ആഗ്രഹിക്കുന്നതും.




സജി വർഗീസ്
മണിയാർ

## ക്രിസ്ത്യൻ ലൈവ് ചെയിൻ പ്രെയർ

ഷാർജ: ക്രിസ്ത്യൻ ലൈവ് ഷാർജാ എമിറേറ്റ്സ് കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ നാളെ രാവിലെ നാലു മുതൽ വൈകിട്ട് പത്തു വരെ തുടർച്ചയായി ചെയിൻ പ്രെയർ നടക്കുന്നു. ക്രിസ്ത്യൻ ലൈവിന്റെ വിവിധ എമിറേറ്റ്സ് കമ്മിറ്റികളിലുള്ള അംഗങ്ങൾ പങ്കെടുക്കും.

# അപൂർവയിനം 'പന' കണ്ടെത്തി ശാസ്ത്രഞ്ജർ

ബ്രിട്ടൻ: അപൂർവയിനം പന കണ്ടെത്തി ബ്രിട്ടനിലെ ക്യൂ റോയൽ ബൊട്ടാണിക്കൽ ഗാർഡനിലെ ഗവേഷകർ. പൂർണമായും ഭൂമിക്കടിയിൽ വളരുന്ന പന ആണ് കണ്ടെത്തിയത്. ഇത്തരത്തിലുള്ള പനകളുടെ കുടുംബത്തിലെ ഏക അംഗമാണിത്. പാംസ് (PALMS ) എന്ന ശാസ്ത്ര പ്രസിദ്ധീകരണത്തിലാണ് ഈ അപൂർവയിനത്തെക്കുറിച്ച് വിവരങ്ങളുള്ളത്.



പനയുടെ പ്രത്യേക സവിശേഷത കണക്കിലെടുത്ത് ശാസ്ത്രഞ്ജർ 'ഭൂഗർഭം' എന്നർത്ഥം വരുന്ന 'പിനംഗ സബ്ടെറേനിയ' എന്നാണിതിന് പേര് നൽകിയിരിക്കുന്നത്. തെക്ക് കിഴക്കൻ ഏഷ്യയിലെ ഉഷ്ണമേഖലാ ദ്വീപായ ബോർണിയോയിലാണ് അപൂർവയിനം പന കണ്ടെത്തിയത്. സാധാരണയായി പനകളിൽ പരാഗണം നടക്കുന്നത് പ്രാണികൾ വഴിയായതിനാൽ ഭൂമിക്കടിയിൽ ഈ സസ്യത്തിന്റെ പരാഗണം എങ്ങനെ സാധ്യമായി എന്നതാണ് ശാസ്ത്രലോകം പരിശോധിക്കുന്നത്. പരാഗണത്തിനും വിത്തുകളുടെ വ്യാപനത്തിനും സഹായകമാകുന്ന രീതിയിൽ ഒട്ടുമിക്ക ചെടികളുടെ പൂക്കളും കായ്കളും മണ്ണിനു മുകളിലാണ് ഉണ്ടാകാറുള്ളത്. എന്നാൽ ഭൂമിക്കടിയിൽ പൂവിടുന്നതും കായ്ക്കുന്നതുമായ ഈ പന ഗവേഷകരെ അത്ഭുതപ്പെടുത്തുകയാണ്. മധുരമുള്ള ചുവപ്പ് നിറത്തിലുള്ള ഇതിന്റെ കായ്കൾ അവിടെയുള്ള ജനങ്ങൾ കഴിക്കാറുണ്ട്.

# ലോകത്തിലെ മികച്ച സർവകലാശാലകളുടെ പട്ടികയിൽ ആദ്യ 150ൽ ഇടം നേടി ബോംബെ ഐഐടി



ബോംബെ:ലോകത്തിലെ മികച്ച സർവകലാശാലകളുടെ പട്ടികയിൽ ആദ്യ 150ൽ ഇടം നേടി ബോംബെ ഐഐടി. ഈ വർഷത്തെ ക്യൂഎസ് ലോക സർവകലാശാല റാങ്കിങ്ങിൽ 149ാം റാങ്കിലാണ് ബോംബെ ഐഐടിയുടെ സ്ഥാനം. കഴിഞ്ഞ എട്ട് വർഷത്തിനിടെ ഒരു ഇന്ത്യൻ സർവകലാശാല നേടുന്ന ഏറ്റവും ഉയർന്ന റാങ്കാണ് ഇത്.

മസാച്യുസെറ്റ്സ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി (എംഐടി), കാംബ്രിഡ്ജ് സർവകലാശാല, ഓക്സ്ഫോർഡ് സർവകലാശാല എന്നിവയാണ് പട്ടികയിൽ ആദ്യ മൂന്ന് സ്ഥാനങ്ങളിൽ ഉള്ളത്. ഇന്ത്യയിൽ നിന്ന് 10 സ്ഥാപനങ്ങൾ ആദ്യ 500 സ്ഥാനങ്ങളിൽ ഇടംപിടിച്ചു. ഡൽഹി ഐഐടി 197, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് 225, ഐഐടി ഖരക്പൂർ 271, കാൺപൂർഐഐടി 278, മദ്രാസ് ഐഐടി 285, ഗുവഹത്തി ഐഐടി 364, റൂർഖീ ഐഐടി 369, ഡൽഹി സർവകലാശാല 407, അണ്ണാ സർവകലാശാല 427 എന്നിവയാണ് ആദ്യ 500ൽ ഉൾപ്പെട്ട സ്ഥാപനങ്ങൾ.കഴിഞ്ഞ തവണത്തേതിനേക്കാൾ 23 സ്ഥാനം മെച്ചപ്പെടുത്തിയാണ് ബോംബെ ഐഐടി 149ാം സ്ഥാനത്ത് എത്തിയത്. "അധ്യാപനത്തിലും ഗവേഷണത്തിലുമുള്ള മികവാണ് ബോംബെ ഐഐടിയുടെ മുഖമുദ്ര. ഞങ്ങളുടെ വിദ്യാർഥികൾക്കും അധ്യാപകർക്കും നേട്ടങ്ങൾ കൈവരിക്കുന്നതിന് ഉതകുന്ന അന്തരീക്ഷവും അടിസ്ഥാന സൗകര്യങ്ങളും പ്രദാനം ചെയ്യുക എന്നതാണ് പ്രധാനം. ഉയർന്ന റാങ്കിലേക്കെത്തുക എന്നത് പിന്നീടുള്ള കാര്യം മാത്രമാണ്." ഐഐടി ഡയറക്ടർ സുഭാസിസ് ചൗധരി പറഞ്ഞു. ക്യൂഎസ് റാങ്കിങ്ങിൽ 13 ഇന്ത്യൻ സർവ്വകലാശാലകൾ പിന്നോക്കം പോയിട്ടുണ്ട്. ഐഐഎസ്സി ബെംഗളൂരു 155ാം റാങ്കിൽ നിന്ന് 225 ലേക്ക് വീണു. മദ്രാസ് ഐഐടി 285 ൽ നിന്ന് 35 റാങ്ക് താഴേക്ക് പോയി. മാനദണ്ഡങ്ങളിലടക്കം വരുത്തിയമാറ്റമാണ് ഐഐഎസ്സിക്ക് തിരിച്ചടിയായത്. അന്തർദേശീയ ഫാക്കൽറ്റി അനുപാതം, അന്തർദേശീയ വിദ്യാർത്ഥി അനുപാതം, അന്താരാഷ്ട്ര ഗവേഷണ ശൃംഖല സൂചകങ്ങൾ എന്നിവയിൽ ഇന്ത്യയിലെ സർവകലാശാല വളരെ വളരെ പിന്നിലാണെന്ന് റാങ്കിങ് വ്യക്തമാക്കുന്നു.

# പി. വൈ. പി. എ തൃശൂർ മേഖലക്ക് പുതിയ നേതൃത്വം

തൃശൂർ: പി. വൈ. പി. എ തൃശൂർ മേഖലക്ക് പുതിയ നേതൃത്വം. പ്രസിഡന്റ് അയി ഇളംതുരുത്തി സഭ ശ്രുശ്രുഷകനും പി വൈ പി എ തൃശൂർ വെസ്റ്റ് സെന്റർ പ്രസിഡന്റും അയിരിക്കുന്ന പാസ്റ്റർ സബിൻ പി ജോൺ, ബ്രിട്ടോ നെൽസൺ, മാത്യൂസ് ജോർജും, (വൈസ് പ്രസിഡന്റുമാർ), സാൻജോ ജോസഫ് (സെക്രട്ടറി), ജോൺലികെ ബാബു (ജോയിന്റ് സെക്രട്ടറിമാർ), എൽവിൻ എൽദോസ് (ട്രെഷറാർ ), എബി ബാബു (പബ്ലിസിറ്റി കൺവീനർ) ആയി തിരഞ്ഞെടുത്തു.

## സംസ്ഥാനത്ത് മഴ ശക്തമാകുന്നു ഇന്നും നാളെയും യെല്ലോ അലർട്ട്

തിരുവനന്തപുരം :കേരളത്തിൽ അടുത്ത അഞ്ചുദിവസത്തേക്ക് ശക്തമായ മഴയ്ക്ക് സാധ്യതയുള്ളതായി കേന്ദ്രകാലാവസ്ഥ വിഭാഗത്തിന്റെ പ്രവചനം. കാലവർഷം ശക്തി പ്രാപിക്കുന്നതിനോടനുബന്ധിച്ച് അടുത്ത ദിവസങ്ങളിലായി മഴ ശക്തിപ്രാപിക്കുമെന്നും മുന്നറിയിപ്പുണ്ട്. ശക്തമായ മഴയ്ക്ക് സാധ്യതയുള്ളതിനാൽ ഇന്ന് നാല് ജില്ലകളിൽ യെല്ലോ അലേർട്ട് പ്രഖ്യാപിച്ചു. എറണാകുളം, കോഴിക്കോട്, കണ്ണൂർ കാസർഗോഡ് തുടങ്ങിയ ജില്ലകളിലാണ് യെല്ലോ അലേർട്ട് പ്രഖ്യാപിച്ചത്. നാളെ തൃശ്ശൂർ, മലപ്പുറം, കണ്ണൂർ, കോഴിക്കോട് തുടങ്ങിയ നാല് ജില്ലകളിലും യെല്ലോ അലർട്ട് പ്രഖ്യാപിച്ചു.

Editorial board

**Chief Editor:**
Blessin John Malayil
**Managing Editor**
Aji George
**Publisher**
Nelson George

**Editors:**
Pr Sajo Thonikkuzhiyil
Pr. Titus Johnson
Pr. Sam Elambal
Joji Iype Mathews
Pr. Shibu Thomas , Oklahoma .
Pr. Blesson Cherian , Canada.
Rojin Pynummoodu
Duglus Joseph
Sis.Jessy Koshy
Sis.Blessy Rufus

+91 9188522220 +91 9846552220 Email: cnl7news@gmail.com

# നിർമ്മാണത്തിലിരിക്കുന്ന ക്രിസ്ത്യൻ പള്ളിയുടെ മതിൽ തകർത്തു

### സി.സി.ടി.വി. ക്യാമറകളും പള്ളിയിലുണ്ടായിരുന്ന പ്രതിമകളും തകർത്തു

ലഖ്നൗ: കാൺപൂരിന് സമീപം നിർമാണത്തിലിരിക്കുന്ന ക്രിസ്ത്യൻ പള്ളിയുടെ മതിൽ തകർത്ത് ഹിന്ദുത്വ സംഘടനകൾ. ബജ്റംഗ്ദളും വിശ്വഹിന്ദു പരിഷത്തും ഉൾപ്പെടുന്ന ഹിന്ദു സംഘടനകൾ ആണ് മതിൽ തകർത്തത്. സംഘടനയുടെ നേതാക്കൾക്കെതിരെയും പ്രവർത്തകർക്കെതിരെയും പൊലീസ് കേസെടുത്തിട്ടുണ്ടെന്ന് ഉദ്യോഗസ്ഥരെ ഉദ്ധരിച്ച് പി.ടി.ഐ. റിപ്പോർട്ട് ചെയ്തു.

ഉത്തർപ്രദേശിലെ ബനാർ അലിപൂരിലെ ഷഹ്സാദ്പൂർ ഗ്രാമത്തിൽ ആണ് സംഭവം. പള്ളിയുടെ പുതുതായി നിർമിച്ച മതിലുകളും ഫർണിച്ചറുകളുമടക്കം ഹിന്ദുത്വ സംഘടനകൾ തകർത്തിട്ടുണ്ട്. അക്രമകാരികൾ അവിടെ കാവി പതാകകൾ സ്ഥാപിച്ച് മതിലുകളിൽ ജയ് ശ്രീ റാം എഴുതുകയും സി.സി.ടി.വി. ക്യാമറകളും പള്ളിയിലുണ്ടായിരുന്ന പ്രതിമകളും തകർത്തെന്നും പി.ടി.ഐ റിപ്പോർട്ട് ചെയ്യുന്നു. നിയമം കയ്യിലെടുക്കരുതെന്ന് ആവശ്യപ്പെട്ടപ്പോൾ സർക്കാർ ഉദ്യോഗസ്ഥരോടും അവർ മോശമായി പെരുമാറിയെന്നും റിപ്പോർട്ടിലുണ്ട്.

ബജ്റംഗ്ദൾ ജില്ലാ കൺവീനർ ഗൗരവ് ശുക്ലയടക്കം പേരറിയാവുന്ന 13 പേരും തിരിച്ചറിയാത്ത 7080 പേർക്കെതിരെയുമാണ് നിലവിൽ എഫ്.ഐ.ആർ രജിസ്റ്റർ ചെയ്തിരിക്കുന്നത്. നിയമം കയ്യിലെടുക്കരുതെന്ന് ആവശ്യപ്പെട്ടപ്പോൾ സർക്കാർ ഉദ്യോഗസ്ഥരോടും അവർ മോശമായി പെരുമാറിയെന്നും ഉദ്യോഗസ്ഥർ പറഞ്ഞു.



## ഐ.പി.സി. സൺഡേ സ്കൂൾ മലപ്പുറം മേഖല പുതിയ ഭാരവാഹികളെ തെരെഞ്ഞെടുത്തു

ഐ.പി.സി.സൺഡേ സ്കൂൾ മലപ്പുറം മേഖല പുതിയ ഭാരവാഹികളെ തെരെഞ്ഞെടുത്തു. പസിഡണ്ട് :ഇവാഞ്ചലിസ്റ്റ്: റ്റി.വി സജി ( നിലമ്പൂർ നോർത്ത് സെന്റർ)വൈസ് പ്രസിഡണ്ട് : ഇവാഞ്ചലിസ്റ്റ്: എ.പി ഫിലിപ്പ് (നിലമ്പൂർ നോർത്ത് സെന്റർ)സെക്രട്ടറി : സിസ്റ്റർ: സിഞ്ചു മാത്യു ( നിലമ്പൂർ സൗത്ത് സെന്റർ) ജോയിന്റെ സെക്രട്ടറി : പാസ്റ്റർ: തോമസ്കുട്ടി(പെരിന്തൽമണ്ണ സെന്റെർ) ട്രഷറർ : ബ്രദർ: അനീഷ് മാത്യു ( നിലമ്പൂർ നോർത്ത് സെന്റർ) ടാലന്റെ കൺവീനർ: പാസ്റ്റർ: സ്റ്റീഫൻ മാത്യു ( നിലമ്പൂർ സൗത്ത് സെന്റർ)








## ക്രിസ്ത്യൻ മാട്രിമോണി

Born & raised in Qatar, Pentecostal youth (28/5'5), only son, works as a Chemical Engineer (Schlumberger), invites proposals from parents of spiritual and God fearing girls.“. Preference will be given to those those from medical field. Phone :97455327348. (WhatsApp) Email: jaj3292000@yahoo.co.in

### വധുവിനെ ആവശ്യമുണ്ട്

**Remarriage,Born Again Syrian Christian**
**Boy,31 yr/172 cm,BE.Mech,Pathanamthitta 9946847617**

ക്രിസ്ത്യൻ പെന്തക്കോസ്ത് യുവാവ് Age-41, Height-179 (B. A Sociology, Bth, Dip Mission., B A. in Minitsry) ജോലിയോടൊപ്പം ജീവകാരുണ്യ പ്രവർത്തനവും സുവിശേഷ പ്രവർത്തനവും നടത്തുന്നു. സ്വദേശത്തോ വിദേശത്തോ ജോലിയുള്ളതും ഇല്ലാത്തതുമായ അനുയോജ്യമായ പെൺകുട്ടികളിൽ നിന്നും വിവാഹലോചനകൾ ക്ഷണിക്കുന്നു. ബാധ്യത ഇല്ലാത്ത പുനർ വിവാവഹവും പരിഗണിക്കും. **ഫോൺ: 9847683343.**

### ഖത്തർ പ്രവാസിയായ മലയാളി

## സൗദിയിൽ വച്ചുണ്ടായ വാഹനാപകടത്തിൽ മരണമടഞ്ഞു



ഹഫൂഫ് (സൗദി) : ദോഹയിൽ നിന്നും ബഹറിനിലേക്കുള്ള യാത്ര മദ്ധ്യേ സൗദിയിൽ വച്ച് ജൂൺ 27 ചൊവ്വാഴ്ച്ച വൈകിട്ട് ഉണ്ടായ വാഹനാപകടത്തിൽ പെട്ട രണ്ടാമത്തെ മലയാളിയായ കോട്ടയം മണ്ണക്കനാട് സ്വദേശി പാലത്തനാത്ത് അഗസ്റ്റിൻ എബിയാണ് (41 വയസ്സ്) ജൂൺ 28 ബുധനാഴ്ച്ച രാവിലെ ഹഫൂഫിലെ അൽ മന ഹോസ്പിറ്റലിൽ വച്ച് മരണമടഞ്ഞത്. ഇന്നലെ സംഭവ സ്ഥലത്ത് വച്ച് തന്നെ കൂടെ ഉണ്ടായിരുന്ന മലപ്പുറം സ്വദേശിയായ മനോജ് കുമാർ അർജുൻ (34 വയസ്സ്) മരണമടഞ്ഞിരുന്നു.

റ്റൊയോട്ട ലാൻഡ് ക്രൂസർ എസ് യു വി യിൽ പിൻ സീറ്റിലിരുന്ന അഗസ്റ്റിൻ എബിയും, മനോജ് കുമാറും സീറ്റ് ബെൽറ്റ് ധരിക്കാത്തതാണ് പരിക്കുകൾ ഗുരുതരമാകാൻ ഇടയാക്കിയത്. പിൻ സീറ്റിൽ ഇരിക്കുകയായിരുന്ന ഇവർ രണ്ട് പേരും അപകടത്തെ തുടർന്ന് വാഹനത്തിൽ നിന്നും പുറത്തേക്ക് തെറിച്ച് പോകുകയായിരുന്നു. മുൻ സീറ്റിൽ സീറ്റ് ബെൽറ്റ് ധരിച്ച് ഇരുന്ന മറ്റ് രണ്ട് പേർക്കും കാര്യമായ പരിക്കുകളില്ല.

## നിറവ് 2K23' ജൂലൈ 1ന്

തിരുവനന്തപുരം : പിവൈപിഎ കേരള സ്റ്റേറ്റും തിരുവനന്തപുരം മേഖല പിവൈപിഎയും സംയുക്തമായി ഒരുക്കുന്ന 'നിറവ് 2K23' ജൂലൈ 1ന് നടക്കും. നാലാഞ്ചിറ ഐപിസി ജയോത്സവം വർഷിപ് സെന്ററിൽ രാവിലെ 9 മുതൽ വൈകുന്നേരം 6 മണി വരെ നടക്കുന്ന യുവജന പവർ കോൺഫെറൻസിൽ പാസ്റ്റർമാരായ കെ. സി. തോമസ് (ഐപിസി കേരള സ്റ്റേറ്റ് പ്രസിഡന്റ്), ദാനിയേൽ കൊന്നനിൽക്കുന്നതിൽ (ഐപിസി കേരള സ്റ്റേറ്റ് സെക്രട്ടറി), വി. പി. ഫിലിപ്പ്, അനീഷ് തോമസ്, ഷോൺ എബ്രഹാം എന്നിവർ വിവിധ സെഷനുകൾ നയിക്കും. പാ. ലോർഡ്സൻ ആന്റണി, പാ. ടൈറ്റസ് തോമസ്, ദാനിയേൽ തോമസ്, എബേസ് ജോയ്, ബോനെർഗെസ് ബാൻഡ് എന്നിവർ ആരാധനയ്ക്ക് നേതൃത്വം നൽകും.

# സുവിശേഷവിഹിത സഭകൾ

*( 2022 ജൂൺ 28നു കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ട തിരുവനന്തപുരം ഐപിസി താബോർ സഭ വിശ്വാസിയും ശാരോൻ ഫെല്ലോഷിപ്പ് യു എ ഇ റീജിയൻ ,റാസ് അൽ ഖൈമ ഏരിയ കോ ഓർഡിനേറ്റർ എബി മാത്യുവിൻറെ പിതാവും വ്യക്തിഗത സുവിശേഷത്തിൻറെ വ്യക്താവുമായിരുന്ന ഇവാ. എബ്രഹാം മാത്യൂസ്(89), മരണത്തിനു ഏതാനും ദിവസങ്ങൾക്കു മുൻപ് എഴുതിവച്ച കുറിപ്പ് .)*

ദാവീദിന്റെ സന്തതിയായി ജനിച്ചു മരിച്ചിട്ടു ഉയിർത്തെഴുന്നേറ്റിരിക്കുന്ന യേശുക്രിസ്തുവിനെ ഓർത്തുകൊൾക. അതു ആകുന്നു എന്റെ സുവിശേഷം (2 തിമോ: 2 : 8 )

സുവിശേഷമായി യേശുക്രിസ്തുവിനെ ഓർത്തുകൊള്ളുവാൻ അപ്പൊസ്തോലനായ പൗലോസ് ആഹ്വാനം ചെയ്യുമ്പോൾ ഇന്ന് എത്ര സുവിശേഷവിഹിത സഭകൾ യേശുവിനെ ഓർക്കുന്നുണ്ട് ? സുവിശേഷ വിരോധികളെ ഭയന്ന് ചില സഭകൾ സുവിശേഷ വേല എന്ന ദൗത്യം മറക്കുമ്പോൾ വേറെ ചിലർ യേശുക്രിസ്തുവിനു പകരം കന്യക മറിയത്തെയും പുണ്യവാളന്മാരെയും ഓർക്കുന്നു, അതിലേക്കു മടങ്ങുന്നു.


എബ്രഹാം മല്പാനെ പോലെ സുവിശേഷവിഹിത സഭകൾ സ്ഥാപിച്ച സഭാ പിതാക്കന്മാർ സുവിശേഷ വേലക്കു പ്രാധാന്യം നൽകി , വിഗ്രഹാരാധികളും പുണ്യവാള പ്രാർത്ഥനകൾ തുടങ്ങി വചന വിരുദ്ധമായ ഉപദേശങ്ങൾ ഉള്ള സഭകളുമായി വിവാഹ ബന്ധം പോലും പാടില്ലെന്ന് നിഷ്കർഷിച്ചു. എന്നാൽ ഇന്ന് മേല്പറഞ്ഞ സുവിശേഷവിഹിത സഭകൾ നയിക്കുന്ന മേല്പട്ടക്കാർ വചനം സത്യമായി അനുസരിക്കുന്ന സഭകളുമായി കൂട്ടായ്മ കാണിക്കുവാൻ തയാറാകാതെ, വചന വിരുദ്ധ സഭകളുമായി ചങ്ങാത്തം കൂടി വിട്ടു കളഞ്ഞ പാരമ്പര്യത്തിലേക്കു മടങ്ങി പോകുവാൻ വെമ്പൽ കൊള്ളുന്നു . പത്രോസ് ശ്ലീഹ ഇങ്ങനെ ഉള്ളവരെയല്ലയോ
സ്വന്ത ഛർദ്ദിക്കു തിരിഞ്ഞ നായെന്നും കുളിച്ചിട്ടു ചളിയിൽ ഉരുളുവാൻ തിരിഞ്ഞ പന്നിയെന്നും പറയുന്നത് .

സമൂഹത്തിലെ പേരിനും ലോകത്തിൻറെ മാനത്തിനുമായിയല്ലേ ഇവർ പാരമ്പര്യത്തിലേക്ക് മടങ്ങുന്നത്. നമ്മുടെ കർത്താവിനു ലോകം നൽകിയത് കുരിശായിരുന്നു എന്നത് ഇവർ ദുഃഖ വെള്ളിയാഴ്ച മാത്രം ഓർക്കുന്നു .

ഇന്ന് സുവിശേഷവിഹിത സഭകൾ കള്ളന്മാരുടെ ഗുഹകൾ ആയി മാറുന്നു.യേശുവിനെ ഓർക്കാതെ മറന്നതിനാൽ ദുർമാർഗം സഭയിൽ കടന്നു വരുന്നു.

ആദ്യം വിശ്വാസികളും ഇപ്പോൾ സഭയുടെ നടത്തിപ്പുകാരും ദുർമാർഗത്തിനു അടിമകളായി.
തന്റെ ജനത്തെ മേയിക്കുന്ന ഇടയന്മാരെകുറിച്ച് യിസ്രായേലിന്റെ ദൈവമായ യഹോവ യിരെമ്യാവിൽ പറയുന്നു :യിരെമ്യാവ് 23:2 .

എന്റെ മേച്ചൽപുറത്തെ ആടുകളെ നശിപ്പിക്കയും ചിതറിക്കയും ചെയ്യുന്ന ഇടയന്മാർക്കു അയ്യോ കഷ്ടം എന്നു യഹോവയുടെ അരുളപ്പാടു. അതുകൊണ്ടു, തന്റെ ജനത്തെ മേയിക്കുന്ന ഇടയന്മാരെക്കുറിച്ചു യസ്രായേലിന്റെ ദൈവമായ യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു: നിങ്ങൾ എന്റെ ആട്ടിൻ കൂട്ടത്തെ സൂക്ഷിക്കാതെ അവയെ ചിതറിച്ചുഓടിച്ചുകളഞ്ഞിരിക്കുന്നു; ഇതാ ഞാൻ നിങ്ങളുടെ പ്രവൃത്തികളുടെ ദോഷത്തെക്കുറിച്ചു നിങ്ങളോടു ചോദിക്കും എന്നു യഹോവയുടെ അരുളപ്പാടു.



ലേഖകൻ മകനോടും കൊച്ചുമകനോടും ചെറുമകനോടും ഒപ്പം

സുവിശേഷവിഹിത സഭകൾ എന്ന് ഇന്ന് അഭിമാനിക്കുന്ന മാർത്തോമാ ,സിഎസ് ഐ തീർച്ചയായും ഒരു കാലത്തു സുവിശേഷവിഹിത സഭകൾ തന്നെ ആയിരുന്നു എന്നതിന് ഒരു തർക്കവും ഇല്ല . കേരളത്തിൽ സുവിശേഷത്തിൻറെ കാറ്റ് ആഞ്ഞു വീശിയത് സിഎംസ് മിഷനറിമാരിൽ കൂടി ആയിരുന്നു എന്നത് മറന്നു പോകരുത്. ഹെർമൻ ഗുണ്ടർട്ട്, ബെഞ്ചമിൻ ബെയ്‌ലി തുടങ്ങിയവർ നമ്മുടെ ഭാഷ പഠിച്ചു നമ്മെ വചനം പഠിപ്പിച്ചു . അവരുടെ മുഖ്യ അജണ്ട സുവിശേഷ വേല ആയിരുന്നു. അതിനോടൊപ്പം സമൂഹത്തിനു വേണ്ട നന്മകളും ചെയ്തു . അന്ന് സഭയുടെ മുഖ്യ അജണ്ട സുവിശേഷ വേല തന്നെ ആയിരുന്നു . എന്നാൽ ചിന്തിക്കുക ഇന്ന് എന്താണ് സഭയുടെ മുഖ്യ അജണ്ട ???

വില്യം കേറി കൽക്കട്ടയിൽ വന്നു സുവിശേഷം പറഞ്ഞു . ഡി.ൽ മൂഡി , ബില്ലി ഗ്രഹാം എന്നിവർ സുവിശേഷം അറിയിച്ചു കൊണ്ടല്ലേ അനേകരെ മാനസാന്തരത്തിലേക്കു നയിച്ചത് . സാമൂഹിക പ്രവർത്തനവും പ്രകൃതി സ്നേഹവും എന്നൊക്കെ പറഞ്ഞു(അതെല്ലാം നല്ലതു തന്നെയാണ് ) ഇന്നത്തെ സുവിശേഷവിഹിത സഭകൾ സുവിശേഷവേലയെ സൗകര്യ പൂർവം മറക്കുകയല്ലേ. യേശുവിനെ പറ്റി എത്ര പേരോട് പറയുന്നു . സാമൂഹിക പ്രവർത്തനവും പ്രകൃതി സ്നേഹവും മാത്രം മതി സുവിശേഷം പറയണ്ട എന്ന് പറയുന്ന ഇവർ യേശു തൻറെ പിതാവിനെ പറ്റി മറ്റുള്ളവരോട് പറഞ്ഞത് സൗകര്യ പൂർവം മറക്കുന്നു..
യേശു കർത്താവിന്റെ മഹാദൗത്യത്തിന്റെ അല്ലെങ്കിൽ സഭയുടെ മുഖ്യ അജണ്ടയുടെ കാര്യം ഓർക്കുന്നത് പോലും ഇല്ല മത്തായി 28:1819
യേശു അടുത്തുചെന്നു: ‘സ്വർഗ്ഗത്തിലും ഭൂമിയിലും സകല അധികാരവും എനിക്കു നല്കപ്പെട്ടിരിക്കുന്നു. ആകയാൽ നിങ്ങൾ പുറപ്പെട്ടു, പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ സ്നാനം കഴിപ്പിച്ചും ഞാൻ നിങ്ങളോടു കല്പിച്ചതു ഒക്കെയും പ്രമാണിപ്പാൻ തക്കവണ്ണം ഉപദേശിച്ചുംകൊണ്ടു സകലജാതികളെയും ശിഷ്യരാക്കിക്കൊൾവിൻ; ഞാനോ ലോകാവസാനത്തോളം എല്ലാനാളും നിങ്ങളോടുകൂടെ ഉണ്ടു‘ എന്നു അരുളിച്ചെയ്തു.

ഈ ഒരു അവസ്ഥ പെന്തിക്കോസ്തു സഭകൾക്കും ഉണ്ടാകാൻ സാധ്യത ഉള്ളതിനാൽ പെന്തിക്കോസ്തു സഭകൾ കൂടുതൽ പ്രാർത്ഥിക്കട്ടെ. പാരമ്പര്യ സഭകൾക്ക് നേരെ ഒരു വിരൽ ചൂണ്ടുമ്പോൾ വേറെ നാലു വിരൽ നമ്മുടെ നേരെയാണ് ചൂണ്ടുന്നത്.

പാരമ്പര്യത്തിലേക്ക് വചനത്തിന്റെ സത്യങ്ങൾ വിട്ടു കളഞ്ഞു മടങ്ങാതെ സുവിശേഷവിഹിത സഭകൾ ഒന്നിച്ചു നിന്നു സുവിശേഷ വേല ചെയ്യട്ടെ. അതിനായി പെന്തിക്കോസ്തു സഭയോട് പോലും അയിത്തം കാണിക്കാതെ ,സുവിശേഷ വേലക്കായി സുവിശേഷവിഹിത സഭകൾ ഒന്നിക്കട്ടെ . കർത്താവു വരാറായി. സുവിശേഷം അറിയിക്കുവാൻ , കർത്താവു നമ്മെ ഭരമേല്പിച്ചിരിക്കുന്നു . ആ ദൗത്യം നമുക്ക് ഏറ്റെടുക്കാം.

## പാസ്റ്റർ ജെ ജോർജ് വാഹനാപകടത്തിൽ കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു



ചെന്നൈ : ഇന്ത്യ പെന്തകോസ്ത് ദൈവസഭ വട്രാപ് സെന്റർ സീനിയർ ശ്രുശൂഷകനും, ഇന്ത്യ പെന്തകോസ്ത് ദൈവസഭ തമിഴ്നാട് സ്റ്റേറ്റ് പ്രസിഡന്റ് കർത്തൃദാസൻ പാസ്റ്റർ ജെ മാത്യുവിന്റെ സഹോദരനുമായ കർത്തൃദാസൻ പാസ്റ്റർ ജെ ജോർജ് ജൂൺ 28 ബുധനാഴ്ച്ച രാവിലെ ഡിണ്ടികലിൽ വച്ചുണ്ടായ വാഹനാപകടത്തിൽ കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. റാന്നിയിൽ നിന്നും 75 വർഷങ്ങൾക്ക് മുൻപ് തന്റെ പിതാവ് സുവിശേഷ വേലക്കായി തമിഴ്നാട്ടിൽ പോയതാണ്.
ഭാര്യ : കൊട്ടാരക്കര കൊച്ചുകിഴക്കേതിൽ ശ്രീമതി മോനി ജോർജ്.
സംസ്കാര ശുശ്രൂഷ ജൂൺ 29 വ്യാഴാഴ്ച്ച രാവിലെ 9 മണി മുതൽ വട്രാപ് ഇന്ത്യ പെന്തകോസ്ത് ദൈവസഭയുടെ ഹാളിൽ നടക്കും. ദുഃഖത്തിൽ ആയിരിക്കുന്ന പ്രിയപ്പെട്ടവരെയും കുടുംബങ്ങളെയും പ്രാർത്ഥനയിൽ ഓർക്കുക.

## പുക നിറഞ്ഞ അവസ്ഥ തുടരുന്നു; സ്പെഷ്യൽ എയർ ക്വാളിറ്റി മുന്നറിയിപ്പ്

ടൊറന്റോ : കാട്ടുതീയിൽ നിന്നുള്ള പുക പ്രവിശ്യയിലുടനീളം ഉയർന്ന തോതിലുള്ള വായു മലിനീകരണത്തിന് കാരണമാകുന്നതിനാൽ ഗ്രേറ്റർ ടൊറന്റോ ഏരിയയിൽ ഇന്ന് രാവിലെ പ്രത്യേക വായു ഗുണനിലവാര പ്രസ്താവന പ്രാബല്യത്തിൽ തുടരുന്നു.

വടക്കുകിഴക്കൻ ഒന്റാരിയോയിലെയും ക്യൂബെക്കിലെയും കാട്ടുതീയിൽ നിന്നുള്ള പുകപടലങ്ങൾ ഗ്രേറ്റർ ടൊറന്റോ, ഹാമിൽട്ടൺ ഏരിയ എന്നിവയുൾപ്പെടെ പ്രവിശ്യയുടെ മറ്റ് ഭാഗങ്ങളിലേക്ക് വ്യാപിച്ചിട്ടുണ്ട്. അതിന്റെ ഫലമായി ‘വായുവിന്റെ ഗുണനിലവാരം മോശമായ‘തായി എൻവയോൺമെന്റ് കാനഡ അറിയിച്ചു. എയർ ക്വാളിറ്റി ഇൻഡക്സ് ലെവൽ, ഉയർന്ന അപകടസാധ്യതയുള്ള 7ൽ എത്തിയിട്ടുണ്ടെന്നും കാലാവസ്ഥ ഏജൻസി പറയുന്നു.

## അമേരിക്കയിൽ ഉഷ്ണതരംഗം; ജാഗ്രത നിർദേശം നൽകി കാലാവസ്ഥ വകുപ്പ്

വാഷിംഗ്ടൺ:അപകടകരവും നീണ്ടുനിൽക്കുന്നതുമായ ഉഷ്ണതരംഗം യുഎസ് സൗത്തിൽ ആഞ്ഞടിച്ചതോടെ കടുത്ത ചൂടിൽ വലയുകയാണ് യുഎസ്. ഉഷ്ണതംരംഗത്തെ തുടർന്ന് റോഡ് അടച്ചിടുകയും എയർകണ്ടീഷൻ ചെയ്ത ഷെൽട്ടറുകൾ തുറക്കുകയും ചെയ്തു.രാജ്യത്ത് നിലവിലെ താപനില 46 ഡിഗ്രി സെൽഷ്യസ് ചൂടാണ്. നാഷണൽ വെതർ സർവീസ് തെക്ക് പടിഞ്ഞാറ് അരിസോണ മുതൽ തെക്കുകിഴക്ക് അലബാമ വരെ കടുത്ത ചൂട് മുന്നറിയിപ്പ് നൽകി.

## വെസ്റ്റ് ബാങ്കിൽ 4560 വീടുകൾക്ക് അനുമതി നൽകാൻ യിസ്രായേൽ

വെസ്റ്റ് ബാങ്ക്: പലസ്തീനിലെ വെസ്റ്റ് ബാങ്കിൽ യഹൂദ കുടിയേറ്റം വ്യാപിപ്പിക്കാൻ യിസ്രായേൽ 4560 വീടുകൾക്ക് അടുത്തയാഴ്ച നടക്കുന്ന സുപ്രീം പ്ളാനിങ് കൌൺസിൽ അനുമതി നൽകുമെന്ന് ഉന്നത വൃത്തങ്ങളെ ഉദ്ധരിച്ച് മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തു. 1332 വീടുകൾക്ക് അന്തിമ അനുമതി ലഭിക്കുമെന്നും ബാക്കി പ്രാഥമിക ക്ളിയറൻസ് നടപടി ഘട്ടത്തിലാണെന്നും റിപ്പോർട്ടിൽ പറയുന്നു. യിസ്രായേലിൽ ബെൻ ഗാവിൻ നയിക്കുന്ന തീവ്ര വലതുപക്ഷ പാർട്ടിയുടെ പിൻബലത്തോടെ അധികാരത്തിലെത്തിയ നെതന്യാഹു ഭരണകൂടം കുടിയേറ്റം വ്യാപിപ്പിക്കുമെന്ന പ്രഖ്യാപിത നിലപാടുമായി മുന്നോട്ടു പോവുകയാണ്. 7000 ത്തിലേറെ ഭവന യൂണിറ്റുകൾക്കാണ് പുതിയ ഭരണകൂടം അനുമതി നൽകിയത്. ഇതിൽ അധികവും വെസ്റ്റ് ബാങ്കിലാണ്. കുടിയേറ്റം തുടരുമെന്നും മേഖലയിൽ യിസ്രായേലിന്റെ ശക്തി വർദ്ധിപ്പിക്കുമെന്നും പ്രതിരോധത്തിന്റെ കൂടി ചുമതല വഹിക്കുന്ന ധനമന്ത്രി ബെസലിസ് സ്മോട്ട്റിച് പറഞ്ഞു. വെസ്റ്റ് ബാങ്കിൽ യിസ്രായേൽ കുടിയേറ്റം വ്യാപിക്കുന്നത് അനധികൃതമാണെന്നാണ് പലസ്തീനിന്റെ ആരോപണം. പലസ്തീനിൽ യിസ്രായേൽ പ്രശ്നത്തിന്റെ അടിസ്ഥാനം തന്നെ യിസ്രായേൽ കുടിയേറ്റ പദ്ധതികളിലൂടെ പലസ്തീൻ ഭൂമി കവരുന്നതാണ്.

CNL7 MEDIA
Vol. 2 Issue 146
# CHRISTIANLIVE DAILY
28 Wednesday
Pages 5
515

